# പതിമൂന്നാം കേരള നിയമസഭ
## അഞ്ചാം സമ്മേളനം

**നക്ഷത്ര ചിഹ്നമിട്ട ചോദ്യം നമ്പർ: 315  25.06.2012- ൽ മറുപടിക്ക്**

## വല്ലാർപാടം കണ്ടെയ്നർ ടെർമിനലും കബോട്ടാഷ് നിയമവും

**ചോദ്യം**

ശ്രീ. എ.പി. അബ്ദുള്ളക്കുട്ടി:
ശ്രീ. ബെന്നി ബെഹനാൻ :
ശ്രീ. വി.ഡി. സതീശൻ :
ശ്രീ. പി.സി. വിഷ്ണുനാഥ് :

(എ) വല്ലാർപാടം കണ്ടെയ്നർ ടെർമിനലിന്റെ പ്രവർത്തനങ്ങൾ കാര്യക്ഷമമാക്കുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാം;

(ബി) പ്രസ്തുത നടപടികൾ എന്തൊക്കെയാണെന്ന് വിശദമാക്കാമോ;

**മറുപടി**

ശ്രീ. കെ.ബാബു
(മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പു മന്ത്രി)

(എ) യും (ബി) യും വല്ലാർപാടം കണ്ടെയ്നർ ടെർമിനലിന്റെ പ്രവർത്തനങ്ങൾ കേന്ദ്ര ഗവൺമെന്റിന്റെ കീഴിലുള്ള കൊച്ചിൻ പോർട്ട് ട്രസ്റ്റ് ആണ് മോണിറ്റർ ചെയ്യുന്നത്. ബി.ഒ.റ്റി വ്യവസ്ഥയിൽ വല്ലാർപാടം കണ്ടെയ്നർ ടെർമിനൽ പദ്ധതി നടപ്പിലാക്കുന്നതിനായി കൊച്ചിൻ പോർട്ട് ട്രസ്റ്റും M/s. ദുബായ് പോർട്ട് വേൾഡിന്റെ അനുബന്ധ സ്ഥാപനമായ M/s. ഇൻഡ്യാ ഗേറ്റ് വേ ടെർമിനൽ പ്രൈവറ്റ് ലിമിറ്റഡുമായി 31.01.2005-ൽ ഏർപ്പെട്ട എഗ്രിമെന്റ് പ്രകാരമാണ് വല്ലാർപാടം കണ്ടെയ്നർ ടെർമിനൽ പദ്ധതിയുടെ നിർമ്മാണപ്രവർത്തനങ്ങൾ ആരംഭിച്ചത്. പ്രസ്തുത കരാർ പ്രകാരം ഘട്ടം ഘട്ടമായാണ് പദ്ധതി നടപ്പിലാക്കിവരുന്നത്.

ഒന്നാംഘട്ട പ്രവർത്തനമെന്ന നിലയിൽ 600 മീ. നീളത്തിലുള്ള ബർത്തും ചരക്കു സംഭരണത്തിനുള്ള സൗകര്യവും മറ്റ് അനുബന്ധ സൗകര്യങ്ങളും പൂർത്തിയാക്കി 11.02.2011-ൽ പദ്ധതി കമ്മീഷൻ ചെയ്തിട്ടുണ്ട്.

രണ്ടാം ഘട്ടമെന്ന നിലയിൽ ബർത്തിന്റെ വിപുലീകരണ പ്രവർത്തനവും മറ്റ് അനുബന്ധ സൗകര്യങ്ങളും തുറമുഖ നടത്തിപ്പുകാർ ചെയ്യേണ്ടതായിട്ടുണ്ട്. കൂടാതെ പദ്ധതി പ്രദേശത്തേക്കുള്ള രണ്ടുവരി റോഡ് കണക്ടിവിറ്റിയും റെയിൽ കണക്റ്റിവിറ്റിയും പൂർത്തീകരിച്ചിട്ടുണ്ട്. നാലുവരിപ്പാതയുടെ നിർമ്മാണം ആരംഭിച്ചിട്ടുണ്ട്. അപ്രോച്ച് ചാനലിന്റെ വീതിയും ആഴവും കൂട്ടുന്നതിനുള്ള ഡ്രെഡ്ജിംഗ് ജോലികളും നടന്നുവരുന്നു. പ്രസ്തുത ഡ്രഡ്ജിംഗ് ജോലി രണ്ടോ, മൂന്നോ മാസത്തിനുള്ളിൽ പൂർത്തിയാകുമെന്ന് പ്രതീക്ഷിക്കുന്നു.

| | | | |
|---|---|---|---|
| (സി) | ടെർമിനലിന്റെ പ്രവർത്തനം കാര്യക്ഷമമായി നടക്കാത്തത് കബോട്ടാഷ് നിയമം ഭേദഗതി ചെയ്യാത്തത് കൊണ്ടാണ് എന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (സി) | ഉണ്ട്. |
| (ഡി) | കബോട്ടാഷ് നിയമം ഭേദഗതി ചെയ്യുന്നതിന് കേന്ദ്ര ഗവൺമെന്റിനോട് ആവശ്യപ്പെടുമോ; വിശദമാക്കുമോ? | (ഡി) | കബോട്ടാഷ് നിയമത്തിൽ ആവശ്യമായ ഇളവ് വരുത്തുവാൻ നടപടി സ്വീകരിക്കണമെന്നഭ്യർത്ഥിച്ചുകൊണ്ട് ബഹു. മുഖ്യമന്ത്രി ബഹു. പ്രധാനമന്ത്രിക്കും, ബഹു. കേന്ദ്ര ആഭ്യന്തര വകുപ്പ് മന്ത്രി, ബഹു. കേന്ദ്ര ഷിപ്പിംഗ് വകുപ്പ് മന്ത്രി, ഡെപ്യൂട്ടി ചെയർമാൻ, കേന്ദ്ര പ്ലാനിംഗ് കമ്മീഷൻ എന്നിവർക്കും 01.09.2011-ൽ കത്തുകൾ അയച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ